Reg. No. : ..................................

Name : ..........................................

**135**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2024

## Part – III

## ECONOMICS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** (8×1=8)

**1.** ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി

a) ബ്രൻഡ്‌ലാൻഡ് കമ്മീഷൻ

b) കോത്താരി കമ്മീഷൻ

c) കാർവെ കമ്മിറ്റി

d) രംഗരാജൻ കമ്മിറ്റി

**2.** താഴെ തന്നിരിക്കുന്നവയിൽ ഏത് വിഭാഗം തൊഴിലില്ലായ്മയാണ് ഇന്ത്യൻ കാർഷിക മേഖലയിൽ നില നിൽക്കുന്നത് ?

a) പ്രത്യക്ഷ തൊഴിലില്ലായ്മ

b) പ്രച്ഛന്ന തൊഴിലില്ലായ്മ

c) ഘടനപരമായ തൊഴിലില്ലായ്മ

d) ഇവയൊന്നുമല്ല

**3.** ഉപഭോക്തൃ വില സൂചകത്തിന്റെ മറ്റൊരു പേരെന്ത് ?

a) ജീവിതച്ചെലവ് സൂചകാങ്കം

b) മൊത്തവില സൂചിക

c) ചില്ലറ വില്പന വില സൂചിക

d) ഉപഭോക്തൃ ഉല്പാദന സൂചിക

4. തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും ബഹുലക മൂല്യം കാണുക.
X : 12, 7, 15, 9, 4.

a) 7 b) 9

c) 12 d) 15

5. "ജയിൽ ജീവിത ചെലവ്" അടിസ്ഥാനമാക്കി ഇന്ത്യയിൽ ദാരിദ്ര്യരേഖ കണക്കാക്കിയത് ആരാണ്?

a) വി. കെ. ആർ. വി. റാവു

b) ദാദാഭായി നവറോജി

c) അമർത്യസെൻ

d) സുരേഷ് ടെൻഡുൽക്കർ

6. ആയതാ രേഖത്തിന്റെ സഹായത്തോടെ കണ്ടുപിടിക്കാൻ കഴിയുന്നത്

a) മാധ്യം

b) മധ്യാങ്കം

c) സഹബന്ധം

d) ബഹുലകം

7. WTO സ്ഥാപിതമായ വർഷം

a) 1990 b) 1996

c) 1994 d) 1995

8. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.

a) CSO b) NSSO

c) ICMR d) RGI

9. നബാർഡ് സ്ഥാപിതമായത്

a) 1980 b) 1982

c) 1992 d) 1990

10. രണ്ട് ചരങ്ങൾ തമ്മിലുള്ള സഹബന്ധത്തിന്റെ ചിത്രാവതരണമാണ്

a) സ്കാറ്റർ ഡയഗ്രം

b) ആവൃത്തി വക്രം

c) ആയതാരേഖം

d) ആവൃത്തി ബഹുഭുജം

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** (4×2=8)

11. ഇന്ത്യയിൽ ദാരിദ്ര്യത്തിനുള്ള കാരണങ്ങൾ വിശദമാക്കുക.

12. താഴെ തന്നിരിക്കുന്ന ദത്തങ്ങൾ ഉപയോഗിച്ച് ലഘുബാർ ഡയഗ്രം വരയ്ക്കുക.

| രാജ്യം | ജനന നിരക്ക് |
|---|---|
| ശ്രീലങ്ക | 35 |
| ജർമനി | 15 |
| യു. കെ. | 20 |
| ഇന്ത്യ | 30 |
| ചൈന | 32 |
| സ്വീഡൻ | 12 |

Score

13. ഇന്ത്യൻ കാർഷിക മേഖലയിൽ സ്വയം സഹായ സംഘങ്ങളുടെ പ്രാധാന്യം വിശദീകരിക്കുക.

14. ഒരു പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ താഴെ സൂചിപ്പിക്കുന്നു. തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

| | |
|---|---|
| 1 | പഠനമേഖല തിരിച്ചറിയൽ |
| 2 | |
| 3 | |
| 4 | ദത്തങ്ങളുടെ വർഗീകരണവും അവതരണവും |
| 5 | |
| 6 | നിഗമനം |
| 7 | |

15. IPR 1956 -ലെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ വിശദീകരിക്കുക.

**16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം.** (4×3=12)

16. താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | ശീർഷകം | | | | | പ്രഭവ സൂചിക | |

17. കോളനി വാഴ്ച സമയത്തെ കാർഷിക മേഖലയിലെ സ്തംഭനാവസ്ഥയ്ക്കുള്ള കാരണങ്ങൾ വിശദമാക്കുക.

18. സാമ്പത്തിക ശാസ്ത്രത്തിൽ സാഖ്യകത്തിന്റെ പങ്കെന്ത് ?

19. ജൈവകൃഷിയുടെ മേന്മകൾ വിശദീകരിക്കുക.

Score

20\. 1) സെൻസസ് രീതിയും സാമ്പിൾ രീതിയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക. (2)

2) ഏതെങ്കിലും രണ്ട് സാമ്പിൾ രീതികൾ എഴുതുക. (1)

**21 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** (4×4=16)

21\. 1) തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും തൊഴിലാളി –ജനസംഖ്യ അനുപാതം കണ്ടുപിടിക്കുക.

ജനസംഖ്യ : 140 കോടി
തൊഴിലാളികൾ : 90 കോടി. (2)

2) താഴെ തന്നിരിക്കുന്ന പട്ടിക വിശകലനം ചെയ്യുക. (2)

**തൊഴിലാളി-ജനസംഖ്യ അനുപാതം ഇന്ത്യയിൽ**

(2017-2018)

| ലിംഗഭേദം | തൊഴിലാളി-ജനസംഖ്യ അനുപാതം | | |
|---|---|---|---|
| | ആകെ | ഗ്രാമീണം | നഗരം |
| പുരുഷന്മാർ | 52.1 | 51.7 | 53 |
| സ്ത്രീകൾ | 16.5 | 17.5 | 14.2 |
| **ആകെ** | 34.7 | 35 | 33.9 |

22\. സാമ്പത്തിക പുരോഗതിയ്ക്ക് ചൈന സ്വീകരിച്ച വികസന പ്രവർത്തനങ്ങളെക്കുറിച്ചെഴുതുക.

23\. താഴെ തന്നിരിക്കുന്നവയുടെ സ്കാറ്റർ ഡയഗ്രം വരയ്ക്കുക.

a) പോസിറ്റീവ് സഹബന്ധം

b) പൂർണ്ണ പോസിറ്റീവ് സഹബന്ധം

c) നെഗറ്റീവ് സഹബന്ധം

d) പൂർണ്ണ നെഗറ്റീവ് സഹബന്ധം

24\. എന്താണ് ഹരിത വിപ്ലവം ? ഹരിത വിപ്ലവത്തിന്റെ രണ്ട് നേട്ടങ്ങളും, രണ്ട് ന്യൂനതകളും വിശദീകരിക്കുക.

Score

25. 1) സൂചകാങ്കങ്ങളുടെ രണ്ട് ഉപയോഗങ്ങൾ എഴുതുക. (2)

2) ലഘു സമാഹൃത രീതി ഉപയോഗിച്ച് സൂചകാങ്കം കണ്ടുപിടിക്കുക. (2)

| ഇനം | 2018- ലെ വില (രൂപയിൽ) | 2023-ലെ വില (രൂപയിൽ) |
|---|---|---|
| അരി | 40 | 60 |
| ഗോതമ്പ് | 20 | 30 |
| പഞ്ചസാര | 30 | 44 |

**26 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** (4×5=20)

26. ഒരു രാജ്യത്തിലെ മനുഷ്യ മൂലധന രൂപവൽക്കരണത്തിന്റെ പ്രധാനപ്പെട്ട ഉറവിടങ്ങൾ വിശദീകരിക്കുക.

27. പ്രാഥമിക ദത്തങ്ങൾ ശേഖരിക്കുന്നതിനുള്ള രീതികൾ വിശദമാക്കുക.

28. തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും സഞ്ചിതാവൃത്തി വക്രങ്ങൾ വരയ്ക്കുക. [ലഘു സഞ്ചിതാവൃത്തി വക്രം, ഗുരു സഞ്ചിതാവൃത്തി വക്രം]

| ക്ലാസ്സ് : | 0 – 10 | 10 – 20 | 20 – 30 | 30 – 40 | 40 – 50 |
|---|---|---|---|---|---|
| ആവൃത്തി : | 2 | 5 | 8 | 16 | 6 |

29. 1) ദാരിദ്ര്യ രേഖ നിർവ്വചിക്കുക. (1)

2) ഇന്ത്യയിൽ ദാരിദ്ര്യ നിർമ്മാർജനത്തിനായി ഗവൺമെന്റ് നടപ്പിലാക്കിയ 3 സമീപനങ്ങൾ വിശദീകരിക്കുക. (4)

30. 1) സ്വതന്ത്ര ശ്രേണികളും, സന്തത ശ്രേണികളും തമ്മിലുള്ള വ്യത്യാസം എഴുതുക. (2)

2) താഴെ കൊടുത്തിരിക്കുന്ന ദത്തങ്ങൾ ഉപയോഗിച്ച് ക്ലാസ് പരിധി 10 വരത്തക്ക വിധം ആവൃത്തി വിതരണ പട്ടിക നിർമ്മിക്കുക.

48, 41, 35, 56, 25, 20, 8, 7, 1, 9, 22, 17. 30, 46, 51, 12, 15, 12, 18, 28, 37, 46, 34, 28, 22, 49, 27, 30, 25, 31 (3)

Score

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വിതം.** (2×8=16)

**31.** 1) എന്താണ് സുസ്ഥിര വികസനം ? (2)

2) സുസ്ഥിര വികസനം നിലനിർത്തുന്നതിന് പാരിസ്ഥിതിക സാമ്പത്തിക വിദഗ്ദർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം ? (2)

3) സുസ്ഥിര വികസനത്തിന്റെ തന്ത്രങ്ങൾ വിവരിക്കുക. (4)

**32.** 1) താഴെ തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും മാധ്യം, മധ്യാങ്കം എന്നിവ കണ്ടുപിടിക്കുക. (6)

| ക്ലാസ്സ് | 0 – 10 | 10 – 20 | 20 – 30 | 30 – 40 | 40 – 50 |
|---|---|---|---|---|---|
| ആവൃത്തി | 8 | 10 | 15 | 9 | 7 |

2) തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും താഴ്ന്ന ചതുർഥകത്തിന്റെ ($Q_1$) മൂല്യം കാണുക.

22, 26, 14, 30, 18, 11, 35, 41, 12, 32. (2)

**33.** 1991-ലെ നയങ്ങളായ ഉദാരവൽക്കരണത്തിന്റെയും, ആഗോളവൽക്കരണത്തിന്റെയും പ്രത്യേകതകൾ വിശദീകരിക്കുക.